# സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

**ഉത്തരവ് നം. ഇ2/40724/13**
===========================

തിരുവനന്തപുരം
തീയതി: 31.01.2014
=====================

വിഷയം :സാ.നീ.വ. - ജീവനക്കാര്യം - റിട്ടയറിംഗ് പെൻഷൻ - ശ്രീമതി. എസ്.പി. ശ്രീല, സൂപ്പർവൈസർ, ഐസിഡിഎസ് പ്രോജക്ട് ഓഫീസ്, വെള്ളനാട് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :1. ശ്രീമതി. എസ്.പി. ശ്രീലയുടെ 28.10.2013ലെ അപേക്ഷ
:2. എ.ജി.(എ & ഇ), കേരള, തിരുവനന്തപുരത്തിന്റെ 26.12.2013ലെ പി.ആർ. 5113211245/പി-7/3 നമ്പർ കത്ത്.

ശ്രീമതി. എസ്.പി. ശ്രീല, സൂപ്പർവൈസർ, ഐസിഡിഎസ് പ്രോജക്ട് ഓഫീസ്, വെള്ളനാട് 31.01.2014ൽ റിട്ടയറിംഗ് പെൻഷനിൽ പിരിയുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സർവ്വീസ് ബുക്ക് പരിശോധനയ്ക്കായി അക്കൗണ്ടന്റ് ജനറലിന് നൽകുകയും, ടിയാൾക്ക് 03.12.2012 വരെ 19 വർഷം 6 മാസം 16 ദിവസത്തെ യോഗ്യതാ സർവ്വീസുള്ളതായി പരാമർശം (2) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൾ 24.11.2013 മുതൽ ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരിക്കുന്നു. അതിനു മുമ്പ് 04.12.2012 മുതൽ 23.10.2013 വരെയുള്ള 10 മാസം 20 ദിവസത്തെ സർവ്വീസ് കൂടി പരിഗണിക്കുമ്പോൾ ടിയാൾക്ക് റിട്ടയറിംഗ് പെൻഷനിൽ പിരിയുന്നതിനാവശ്യമായ 20 വർഷത്തിലേറെ യോഗ്യതാ സർവ്വീസുള്ളതായി ബോധ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ ടിയാളുടെ അപേക്ഷ പരിഗണിച്ച് 31.01.2014ൽ റിട്ടയറിംഗ് പെൻഷനിൽ പിരിയുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**ഒപ്പ്**
**സാമൂഹ്യ നീതി ഡയറക്ടർ**

ശ്രീമതി. എസ്.പി. ശ്രീല, (വെള്ളനാട് ശിശുവികസന പദ്ധതി ഓഫീസർ മുഖാന്തിരം)

**പകർപ്പ്:**

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2. ശിശുവികസന പദ്ധതി ഓഫീസർ, വെള്ളനാട്
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

SK/14